പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4262     28.06.2012-ൽ മറുപടിയ്ക്ക്

ഉറുദു ഭാഷാദ്ധ്യാപക തസ്തിക നികത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ. അബ്ദു റബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി ) |
| (എ) കണ്ണൂർ ജില്ലയിലെ ചൊവ്വ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളിൽ ഉറുദു ഭാഷാദ്ധ്യാപക തസ്തികയിൽ നിലവിലുണ്ടായിരുന്ന ഫുൾടൈം ടീച്ചർ പെൻഷൻ പറ്റി പിരിഞ്ഞതിനു ശേഷം പ്രസ്തുത തസ്തികയിലെ ഒഴിവിലേയ്ക്ക് പകരം നിയമനം നടത്തുകയുണ്ടായോ എന്നും പ്രസ്തുത നിയമനത്തിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ചോ യെന്നും വ്യക്തമാക്കുമോ ; | (എ) റിട്ടയർമെന്റ് ഒഴിവിൽ സ്ക്കൂൾ മാനേജർ നിയമനം നടത്തിയിരുന്നു. എന്നാൽ നിയമനാംഗീകാരം നൽകിയിട്ടില്ല. |
| (ബി) പ്രസ്തുത നിയമനാംഗീകാര - വുമായി ബന്ധപ്പെട്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ സ്ക്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സ്ക്കൂൾ സന്ദർശനം നടത്തിയതാണെന്നും വിദ്യാർത്ഥികളും പീരിയഡുകളും ഫുൾടൈം ഉറുദുഭാഷാദ്ധ്യാപക തസ്തികയുടെ അംഗീകാരത്തിനുതകും വിധം ഉണ്ടെന്നു കണ്ടെത്തുകയും ചെയ്തോയെന്നു വ്യക്തമാക്കുമോ ; | (ബി) 2011-12 അദ്ധ്യയനവർഷം അദ്ധ്യാപക തസ്തിക നിർണ്ണയം നടത്തിയിരുന്നില്ല. അദ്ധ്യാപക പാക്കേജ് പ്രകാരം 2010-11 -ലെ തസ്തിക 2011-12 അദ്ധ്യയനവർഷവും തുടരുമെന്നതിനാലാണിത് . 2010-11 വർഷം ഫുൾടൈം ഉറുദു അദ്ധ്യാപക തസ്തിക അനുവദിച്ചിരുന്നില്ല. |

(സി) ഹയർ ലെവൽ പരിശോധന ഉൾപ്പെടെ മാനദണ്ഡങ്ങൾ പ്രകാരം വിദ്യാർത്ഥിയും പിരിയഡുകളും ഉണ്ടെന്നു കണ്ടെത്തിയിട്ടും ഫുൾടൈം ഉറുദുഭാഷാദ്ധ്യാപക തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. പി.കെ. സമീറയുടെ നിയമനാംഗീകാരത്തിനു കാലതാമസം നേരിടുന്നതെന്താണെന്നു വ്യക്തമാക്കുമോ ;

(സി) 2011-12 അദ്ധ്യയന വർഷം 2010-11 -ലെ തസ്തികതന്നെ തുടരുകയാണുണ്ടായത്. 2010-11 -ൽ പാർട്ട്ടൈം തസ്തിക മാത്രമാണു - ണ്ടായിരുന്നത്. പാർട്ട്ടൈം തസ്തികയുണ്ടായിരുന്നപ്പോൾ ഫുൾടൈം ആയി ശ്രീമതി. പി.കെ. സമീറയെ നിയമിച്ചതിനാലാണ് നിയമനാംഗീകാരം നൽകാതിരുന്നത്.

(ഡി) ശ്രീമതി. പി.കെ. സമീറയ്ക്കു ഫുൾടൈം ഉറുദു ഭാഷാദ്ധ്യാപികയായി നിയമനാംഗീകാരം നൽകുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

(ഡി) 2010-11 വർഷം പാർട്ട്ടൈം ഉറുദു അധ്യാപക തസ്തികയാണ് നിലവിലുണ്ടായിരുന്നത്. അധ്യാപക പാക്കേജ് പ്രകാരം 2010-11-ലെ തസ്തിക 2011-12 ലും തുടരുന്നതാണ്. 2012-13 -ൽ U.I.D പ്രകാരം തസ്തിക നിർണ്ണയം നടത്തുമ്പോൾ ഫുൾടൈം തസ്തിക അനുവദനീയമാണെങ്കിൽ ശ്രീമതി. സമീറ, മറ്റു തരത്തിൽ യോഗ്യയാണെങ്കിൽ , ഫുൾടൈം തസ്തികയിൽ നിയമനാംഗീകാരം നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ